**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1959** **09-12-2022 - ൽ മറുപടിയ്ക്ക്**

**താഴേക്കോട് ഗവ. വനിത ഐ.ടി.ഐ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | താഴേക്കോട് ഗവ. വനിത ഐ.ടി.ഐ. വർഷങ്ങളായി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **(എ)** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനത്തിന് സ്വന്തമായി സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ബി) | **(ബി)** ഐ.ടി.ഐ. കൾ പ്രവർത്തനം ആരംഭിക്കുന്നതിനായി ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ്, **ന്യൂഡൽഹി അനുശാസിക്കുന്ന പ്രകാരമുള്ള ചുരുങ്ങിയത് 1.07 ഏക്കർ സ്ഥലം ആവശ്യമാണ്. ഐ.ടി.ഐ ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സൗജന്യമായി ലഭ്യമാക്കണമെന്ന നിബന്ധനയോടെയാണ് പുതിയ ഐ.ടി.ഐകൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. താഴേക്കോട് ഗ്രാമപഞ്ചായത്ത് ഐ.ടി.ഐ ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി പഞ്ചായത്തിൽ തന്നെ വിവിധ സ്ഥലങ്ങൾ പലപ്പോഴായി കണ്ടെത്തിയെങ്കിലും വിവിധ കാരണങ്ങളാൽ ആയത് ഉപേക്ഷിക്കേണ്ടി വന്നിട്ടുള്ളതാണെന്നും, ഐ.ടി.ഐ ക്ക് അനുയോജ്യമായ സ്ഥലം ഗ്രാമപഞ്ചായത്ത് കണ്ടെത്തുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിച്ച് വരുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഐ.ടി.ഐയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ